# CAREER Updates

# പത്രവൃത്താന്തം

**03.07.2024 (ബുധൻ)**



⇨ പ്രാർത്ഥനാ സംഗമത്തിനിടെയുണ്ടായ തിക്കിലും തിരക്കിലുംപെട്ട് ഒട്ടനവധിപേർ മരണപ്പെട്ട ഹാഥ്റസ് ദുരന്തം നടന്ന ഇന്ത്യൻ സംസ്ഥാനം

✔ ഉത്തർപ്രദേശ്

- ഉത്തർപ്രദേശിലെ ഹാഥ്റസ് ജില്ലയിൽ ഫുലരി ഗ്രാമത്തിൽ ഭോലെ ബാബ എന്ന മതപ്രഭാഷകൻ നടത്തിയ പ്രാർത്ഥനാ സംഗമത്തിനിടെയാണ് അപകടം നടന്നത്.
- 15000-ത്തോളം പേർ പങ്കെടുത്ത സത്സംഗത്തിനുശേഷം ഭോലെ ബാബയെ കാണാൻ ആളുകൾ തിരക്ക് കൂട്ടിയതും ബാബയുടെ കാൽപ്പാദത്തിനരികിൽനിന്ന് മണ്ണ് ശേഖരിക്കാൻ ശ്രമിച്ചതുമാണ് അപകടത്തിന് കാരണമായത്.

⇨ 2024 ജൂലൈയിൽ കേരള വനം വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട രാജ്യാന്തര പരിസ്ഥിതി ചലച്ചിത്ര മേളയ്ക്ക് നൽകപ്പെട്ട പേര്

✔ മയിൽപ്പീലി

- പശ്ചിമഘട്ടത്തിലെ വംശനാശ ഭീഷണി നേരിടുന്ന പന്നിമൂക്കൻ തവളകളുടെ കഥ പറയുന്ന 'മാലി' എന്ന ഡോക്യുമെന്ററിയാണ് ഉദ്ഘാടന ചിത്രമായി പ്രദർശിപ്പിക്കപ്പെട്ടത്.

⇨ കഴിഞ്ഞ സീസണിലെ ഇന്ത്യയിലെ മികച്ച ഫുട്ബോൾ താരത്തിനുള്ള ഫുട്ബോൾ പ്ലെയേഴ്സ് അസോസിയേഷൻ പുരസ്കാരം 2024 ജൂലൈയിൽ സ്വന്തമാക്കിയ മുംബൈ സിറ്റി താരം

✔ ലാലിയൻ സുവാല ചാങ്തേ

- മുംബൈ സിറ്റിയെ ഐ.എസ്.എൽ. ചാമ്പ്യന്മാരാക്കുന്നതിൽ വഹിച്ച പങ്കാണ് ചാങ്തേക്ക് പുരസ്കാരം നേടിക്കൊടുത്തത്. വനിതകളിൽ ഡാലിമ ചിബ്ബർ മികച്ച താരമായി തിരഞ്ഞെടുക്കപ്പെട്ടു.

⇨ 2024 ജൂലൈയിൽ നെതർലന്റിന്റെ പ്രധാനമന്ത്രിയായി അധികാരമേറ്റെടുത്ത വ്യക്തി

✔ ഡിക്ക് ഷൂഫ്

⇨ 2024 ജൂലൈയിൽ ദേശീയ സുരക്ഷാ ഡെപ്യൂട്ടി ഉപദേഷ്ടാക്കളായി നിയമിക്കപ്പെട്ടവർ

✔ ടി.വി. രവിചന്ദ്രൻ, പവൻ കപൂർ

⇨ 2024 ജൂലൈയിൽ ലൊക്കേഷൻ കോഡ് ലഭിച്ച കേരളത്തിലെ തുറമുഖം

✔ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

- രാജ്യാന്തര തലത്തിൽ ഇനിമുതൽ വിഴിഞ്ഞം തുറമുഖം അറിയപ്പെടുന്നത് എൻ.വൈ.വൈ. 1 എന്നായിരിക്കും.

⇨ സർവകലാശാലാ വൈസ് ചാൻസലർമാർക്ക് കുലഗുരു എന്ന പേര് നൽകിയ ഇന്ത്യൻ സംസ്ഥാനം

✔ മധ്യപ്രദേശ്

⇨ 2024-ൽ ആരംഭിച്ച അമേരിക്ക, ജപ്പാൻ, ദക്ഷിണകൊറിയ എന്നീ രാജ്യങ്ങളുടെ സംയുക്ത സൈനികാഭ്യാസം

✔ ഫ്രീഡം എഡ്ജ്

CAREER GUIDANCE BUREAU

**കരിയർ ഗൈഡൻസ് ബ്യൂറോ**
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999